വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ
*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ഏപ്രിൽ 15

പീഡാനുഭവ വെള്ളി



# ന്യായീകരണവും നീതിയും

ഉൽപ്പത്തി 22:1-9, ഏശ 53:1-2, ശ്ലീഹ 8:26-39
ലൂക്ക 22:63-23:12 22:13-23 23:24-45, മത്താ 27:19 27:24-25 27:51-54, യോഹ 19:23-42

ദുഃഖവെള്ളിയിലെ കുരിശുമരണത്തിന് ഒരുപാട് പ്രത്യേകതകളുണ്ട്. നാല് സുവിശേഷങ്ങളിലുമായി പരന്നുകിടക്കുന്ന പീഡനാനുഭവചരിത്രത്തിലൂടെ ആഴമായ ഒരു വായന നടത്തിയാൽ , ഓരോ നിമിഷവും ഓരോ കഥാപാത്രങ്ങളും ഓരോ വാക്കുകളും അതിസവിശേഷമായ, അതിനിഗൂഢമായ അർത്ഥങ്ങളും രഹസ്യങ്ങളും മൊഴിഞ്ഞുകൊണ്ടേയിരിക്കുന്നുവെന്നു കാണാം. ഓരോ അക്ഷരവും പുറപ്പെടുവിക്കുന്ന മാസ്മരികമായ ആത്മീയ-ധാർമിക-സംഘർഷമന്ത്രണങ്ങൾ. ഈ മന്ത്രണങ്ങളിലെ പാർശ്വവർത്തിയായ ഒരേട് മാത്രം ഈ വർഷത്തെ ദുഃഖവെള്ളിയുടെ വിചിന്തനമായി നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരട്ടെ?

## സത്യവും നീതിയും ആപേക്ഷികതയും

വിഖ്യാത ജാപ്പനീസ് ചലച്ചിത്ര സംവിധായകനായ അകിരോ കുറോസോവയുടെ ഏറ്റവും പ്രശംസിക്കപ്പെട്ട ഒരു ചിത്രമാണ് റഷോമോൺ. ഒരു കൊലപാതകത്തിനെ ചുറ്റിപ്പറ്റിയുള്ള ഒരു കഥാതന്തു. ആ കൊലപാതകത്തിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾ - മരിച്ച വ്യക്തി, അയാളുടെ ഭാര്യ, അവിടെ ഉണ്ടായിരുന്ന ഒരു കൊള്ളക്കാരൻ, ഒളിച്ചിരുന്ന് നടന്ന സംഭവങ്ങൾ കണ്ട ഒരു മരം വെട്ടുകാരൻ



ബിനു തോമസ്

എന്നിവർ പരസ്പര വിരുദ്ധമായി ഒരേ സംഭവം വിവരിക്കുന്നു. ഇതെല്ലാം കേൾക്കുന്ന ഒരു പുരോഹിതന് , മനുഷ്യത്വത്തെപ്പറ്റിയുള്ള വിശ്വാസം തന്നെ ഇല്ലാതാകുന്നു. പക്ഷെ, ഒടുവിൽ, ആ സംഭവത്തോടെ അനാഥനായ ഒരു കുഞ്ഞിനെ ആ മരം വെട്ടുകാരൻ സ്വന്തം കുടുംബത്തിലേക്ക് സ്വീകരിക്കുമ്പോൾ ആ പുരോഹിതന്റെ വിശ്വാസം തിരിച്ചുവരുന്നു. എന്താണ് സത്യം എന്ന ഒരു ചോദ്യം പ്രേക്ഷകന്റെ മനസ്സിൽ അവശേഷിപ്പിച്ച് ചലചിത്രം അവസാനിക്കുന്നു. എങ്കിലും, വാക്കുകൾക്കും മനോവ്യാപാരങ്ങൾക്കും അപ്പുറത്ത്, പ്രവൃത്തിയിൽ വെളിപ്പെടുന്നതാണ് സത്യമെന്ന സൂചനയും പ്രേക്ഷകന് ലഭിക്കുന്നു. സത്യത്തിനും നീതിക്കും ആപേക്ഷികമായ മാനങ്ങൾ ഉണ്ടെങ്കിലും, അതിനപ്പുറമുള്ള മുഴക്കോലുകളും ഇവയ്ക്കുണ്ടെന്ന സൂചനയോടെ ചിത്രം അവസാനിക്കുന്നു.

ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുൻപ് , ജറുസലേം പട്ടണത്തിൽ, ഈശോ എന്ന് പേരായ ഒരു യഹൂദയുവാവിനെ കുരിശിൽ തറച്ചു കൊന്നപ്പോഴും, "എന്താണ് സത്യം" എന്ന ചോദ്യം അവശേഷിച്ചിരുന്നു. ആ ചോദ്യം ചോദിക്കുന്നത് നഗരത്തിന്റെ അന്തിമന്യായാധിപനായ പീലാത്തോസാണ്. അതിനുള്ള ഉത്തരം പീലാത്തോസിന് ഈശോ നൽകുന്നില്ല. ആ ചോദ്യത്തിന് ഒരുത്തരവും പിന്നീടുള്ള വിവരണങ്ങളിൽ നിന്ന് വാക്കുകളിലൂടെ ലഭിക്കുന്നില്ല. പകരം, സ്വയം ത്യജിച്ചുള്ള ഒരു മരണമെന്ന പ്രവൃത്തിയും അതിന്റെ ബാക്കിപത്രമായി ഉയർപ്പുസംഭവവും മാത്രം ബാക്കിയാകുന്നു. ആ പ്രവൃത്തിയിൽ യേശുവിന്റെ എല്ലാ അവകാശവാദങ്ങളും - ദൈവപുത്രൻ, മിശിഹാ, മനുഷ്യപുത്രൻ എന്നിവയെല്ലാം - പകലിലെന്നപോലെ പ്രകാശിതമാകുന്നു.

ഈശോയുടെ കുരിശുമരണമെന്ന സംഭവത്തിന്റെ ഒരു പ്രത്യേകത, ഇതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കഥാപാത്രങ്ങൾക്കും അവരവരുടേതായ സത്യവും ന്യായവും ഉണ്ടെന്നുള്ളതാണ്. നടുത്തളത്തിൽ വച്ച് , വെള്ളത്തിൽ കൈകഴുകി സ്വയം ന്യായീകരിക്കുന്ന ഒരു വ്യക്തി പീലാത്തോസ് മാത്രമായിരിക്കാം. പക്ഷെ, സൂക്ഷിച്ചു വായിച്ചാൽ കൈകഴുകാനുള്ള വെള്ളം എല്ലാവർക്കുമുണ്ട്. എല്ലാവരും ആപേക്ഷികമായ ന്യായീകരണത്തിന്റെ വെള്ളത്തിൽ കൈ കഴുകിയിട്ടു തന്നെയാണ് നിലപാടുകൾ സ്വീകരിക്കുന്നത്.

## ദുഃഖവെള്ളിയിലെ ആപേക്ഷികന്യായത്തിന്റെ വിവിധ മുഖങ്ങൾ

യഹൂദപുരോഹിതരുടെയും ന്യായപ്രമാണികളുടെയും കാര്യമെടുക്കുക. റോമൻ അധീനതയിൽ സ്വന്തം അസ്തിത്വം അടിയറവു വച്ച് ജീവിക്കുന്ന ഒരു ജനത. അവരുടെ ഏകപ്രതീക്ഷ, പ്രവാചകന്മാർ മുൻകൂട്ടി കണ്ട ഒരു മിശിഹായിലാണ് - ദാവീദ് രാജാവിന്റെയോ സോളമന്റെയോ പ്രതാപത്തിൽ വില്ലാളിവീരനായി വന്ന്, വിജാതീയരെ തൂത്തെറിഞ്ഞ് , ജറുസലെം നഗരത്തിന്റെ കോട്ട ദൃഢമാക്കി, ദാവീദിന്റെ രാജവംശം പുനഃസ്ഥാപിച്ച് യഹൂദരെ നയിക്കാനിരിക്കുന്ന ഒരു ചക്രവർത്തി. പക്ഷെ, കഴിഞ്ഞ കുറെ നാളുകളായി, ഏതൊക്കെയോ വ്യാജമിശിഹാമാരും വിപ്ലവകാരികളെന്ന പേര് സ്വയം അണിഞ്ഞുനടക്കുന്ന കുറെ കള്ളന്മാരും, ഈ ജനതയെ റോമൻഭരണത്തിന് കീഴിൽ കൂടുതൽ കൂടുതൽ വിഷമവൃത്തത്തിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നു. കുറേപ്പേർ, ജീവിതസഞ്ചാരണത്തിനായി, മോശയുടെ നിയമങ്ങൾ അവഗണിക്കാനും വിജാതീയസംസ്കാരവുമായി സമരസപ്പെടാനും തുടങ്ങിയിരിക്കുന്നു. യഹൂദസംസ്കാരം അന്യം നിന്നുപോയേക്കാവുന്ന ഒരു അവസ്ഥ. ആ സംസ്കാരത്തിന്റെ കാവലാളുകളായ പുരോഹിതരുടെയും പ്രമാണികളുടെയും മുൻപിൽ, ഇതാ, മറ്റൊരു യുവാവ് - പാരമ്പര്യവും പ്രതാപവും യുദ്ധവീര്യവും രാജത്വവും തീരെയില്ലാത്ത, മോശയുടെ പ്രമാണങ്ങളെ സ്വന്തമായി വ്യാഖ്യാനിക്കുന്ന, തകരുന്ന യഹൂദസംസ്കാരവും പാരമ്പര്യങ്ങളും വീണ്ടും ദുർബലമാക്കുന്ന വാക്കുകളും പ്രവൃത്തികളുമായി നാടുതെണ്ടുന്ന മറ്റൊരു വ്യാജമിശിഹാ. യഹൂദവംശത്തിന്റെ കാവലാളുകളായ പ്രമാണികളും പുരോഹിതരും എന്താണ് ചെയ്യേണ്ടത്? ദൈവദൂഷണം പറയുന്ന വ്യാജമിശിഹായെ അവസാനിപ്പിക്കേണ്ടേ ? പഴയകാലത്തെ പ്രവാചകരും, പ്രമാണികളും രാജാക്കന്മാരും നേതാക്കളും വ്യാജപ്രവാചകരോടും, ദൈവദൂഷകരോടും ചെയ്ത മാതൃകകൾ അവർക്കു മുൻപിലുണ്ട് . മോശയുടെ നിയമവും വ്യാഖ്യാനവും അവരുടെ മുൻപിലുണ്ട് . അവരുടെ സത്യത്തിൽ നിന്നുകൊണ്ട്, അവർക്ക് ന്യായീകരണമുണ്ട്.

യേശുവിനെ തള്ളിപ്പറഞ്ഞ ശിഷ്യഗണത്തെ എടുക്കുക. പുരോഹിതരും പ്രമാണികളും പ്രതീക്ഷിച്ചിരുന്ന മിശിഹായെത്തന്നെയാണ് അവരും കാത്തിരുന്നത്. പക്ഷെ, അവർക്ക് ഈശോ ഒരു വ്യാജനായിരുന്നില്ല. യഥാർത്ഥവിമോചകനെത്തന്നെ അവർ ഈശോയിൽ കണ്ടു. അവൻ എപ്പോഴാണ് തന്റെ പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് അവർ ആകാംക്ഷയോടെ കാത്തിരുന്നു. ഒടുവിൽ, ജറുസലേമിലേക്ക് സോളമൻ രാജാവിനെപ്പോലെ ഈശോ പ്രവേശിച്ചപ്പോൾ, ജനപദങ്ങൾ അവന്റെ ചുറ്റിലും ആർപ്പു വിളിച്ചപ്പോൾ അവർ ഉറപ്പിച്ചു - ഇതാ സമയമായി, മിശിഹാ ജറുസലേം പിടിക്കാൻ ആരംഭിച്ചിരിക്കുന്നു. പക്ഷെ, ഗത്സമെനിയിൽ വച്ച് ഏതാനും പടയാളികൾ വന്ന് അവനെ ബന്ധിക്കുമ്പോൾ, അവൻ എതിർക്കുന്നില്ല. അവൻ ദാവീദ് രാജാവിനെപ്പോലെ കവണിയെടുത്ത് എതിരാളിയെ വീഴ്ത്തുന്നില്ല. സോളമനെപ്പോലെ പട നയിക്കുന്നില്ല. മക്കബായരെപ്പോലെ വിജാതീയരെ കടന്നാക്രമിക്കുന്നില്ല. ദയനീയമായി റോമാക്കാർക്ക് കീഴടങ്ങുന്ന ഒരു മിശിഹാ. ആ സാധുമനുഷ്യരുടെ സ്വപ്നങ്ങൾ ചിതറുന്നു, അവരുടെ സംഘം ചിതറിപ്പോകുന്നു , ആസന്നമായ തിരിച്ചടികൾ ഭയന്ന് അവർ ഓടിയൊളിക്കുന്നു. കേവലം മുക്കുവരും ചുങ്കക്കാരുമായ അവർ വേറെന്തു ചെയ്യാൻ?

പീലാത്തോസിനെ എടുക്കുക. ഗ്രീക്ക് - റോമൻ സംസ്കാരം പൊതുവെ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തുപോന്നിരുന്ന വിശാലമായ റോമൻ സാമ്രാജ്യത്തിൽ, സ്വത്വബോധം കൊണ്ട് ഭരണാധികാരികൾക്ക് ഏറെ തലവേദനകൾ സൃഷ്ടിച്ചിരുന്ന താരതമ്യേന അപ്രസക്തമായ യഹൂദനഗരങ്ങളെ ഭരിക്കുക എന്ന കർത്തവ്യം ഏൽപ്പിക്കപ്പെട്ട ആൾ. യഹൂദബന്ധങ്ങൾ അവകാശപ്പെടുന്ന ഹേറോദേസ് രാജാവുമായുള്ള ശത്രുത മറ്റൊരു തലവേദന. ആ സമയത്ത്, യഹൂദപ്രമാണികൾ വ്യാജമിശിഹാ എന്ന് പറഞ്ഞുറപ്പിച്ചുകൊണ്ട് ഒരു യുവാവിനെ കൊണ്ടുവരുന്നു. അവന് വലിയ പിന്തുണ ഉള്ളതായി കാണുന്നില്ല. അവൻ സീസറിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന കടുത്ത ആരോപണം. ഹേറോദേസിനും വലിയ താൽപ്പര്യമില്ലാത്ത ഒരു കേസ്. അവനെ ക്രൂശിക്കാൻ യഹൂദർ ആരവമിടുന്നു.വെറുതെ എന്തിനാണ് ഒരു യഹൂദപ്രക്ഷോഭത്തിന് കാരണഭൂതനായി ഭവിക്കുന്നത്? കൈകഴുകി

മനഃസാക്ഷികുത്തിൽ നിന്ന് ഒഴിവാകുക, ജനത്തിന് വേണ്ടത് നൽകി, നഗരത്തിൽ സമാധാനം സ്ഥിരീകരിക്കുക, ഹേറോദേസിന്റെ പ്രീതിയും പിടിച്ചുപറ്റുക. വളരെ ലളിതമായ ഒരു മാർഗമാണ് പീലാത്തോസിനും മുൻപിലുണ്ടായിരുന്നത്.

നിയമപീഠത്തിലിരുന്ന് വിധിപറയേണ്ടുന്ന അവസ്ഥയോ നീതിപീഠത്തിന്റെ മുൻപിൽ കുറ്റാരോപണം ഉന്നയിക്കുന്നതോ ഒക്കെ നമ്മുടെ ജീവിതത്തിൽ സാധാരണയല്ല . പക്ഷെ, ദൈനംദിന വൈയക്തിക-സാമൂഹിക ജീവിതത്തിലെ നമ്മുടെ വിധിന്യായങ്ങളും ഇതുപോലെ ആപേക്ഷികമായ ന്യായീകരണങ്ങൾ കൊണ്ട് നിറഞ്ഞതല്ല എന്ന് എങ്ങനെ ഉറപ്പിക്കാനാകും?

## ആപേക്ഷികന്യായത്തിൽ നിന്ന് നീതിയിലേക്ക്

എത്രമാത്രം ആപേക്ഷികന്യായങ്ങൾ ഉണ്ടെങ്കിലും, ഒരു സത്യം അവശേഷിക്കുന്നു. യേശു എന്ന ഒരു നിരപരാധി ക്രൂശിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ, നീതി എന്നത് ന്യായീകരണത്തിനും അപ്പുറമുള്ള ഒന്നാണ്. എപ്രകാരമാണ് ന്യായീകരണത്തിൽ നിന്ന് നീതിയിലേക്ക് സഞ്ചരിക്കാൻ സാധിക്കുന്നത്? യേശു ആയി ജീവിക്കുക, യേശുവിന്റെ പക്ഷം ആയിരിക്കുക എന്നത് ധാർമികതയും മനുഷ്യത്വവുമുള്ള ഏവരും ആഗ്രഹിക്കുന്ന ഒന്നാണ് . പലപ്പോഴും, നമ്മുടെ ഊഹവും നാം സത്യത്തിന്റെയും ന്യായത്തിന്റെയും ഒപ്പമാണെന്നുമായിരിക്കും. പക്ഷേ, യഹൂദപ്രമാണികളെപ്പോലെയോ ശിഷ്യരെപ്പോലെയോ പീലാത്തോസിനെപ്പോലെയോ ഒക്കെ, നിരപരാധിയെയും നീതിയെയുമൊക്കെ നാം ക്രൂശിക്കാനും അവഗണിക്കാനുമൊക്കെ മുൻപിട്ടിറങ്ങാറുണ്ട് എന്നതാണ് യാഥാർഥ്യം. ചിലപ്പോൾ , അത് അറിഞ്ഞുചെയ്യും. പക്ഷെ, കൂടുതൽ സന്ദർഭങ്ങളിലും അത് അറിയാതെ തന്നെ ആയിരിക്കും. അങ്ങനെ സ്വയം തിരിച്ചറിയാതെതന്നെ, നമ്മുടെ കൈകളിൽ നീതിമാന്റെ രക്തം പുരളാതിരിക്കാൻ എപ്രകാരം സൂക്ഷിക്കാം എന്നത് ഒരു വലിയ ചോദ്യമാണ്. അതിനുള്ള ഉത്തരം തേടലാകട്ടെ ഈ ദുഃഖവെള്ളിയുടെ ഒരു പ്രായശ്ചിത്തകർമ്മം.

ഒന്ന്, നാം കുറ്റം വിധിക്കുന്നവനിൽ ദൈവപുത്രത്വം കാണുക. യേശുവിനെ ഒരു വ്യാജനായി കണ്ടതു കൊണ്ടാണ് യേശുവിന്റെ വാക്കുകളും പ്രവൃത്തികളും മറ്റുള്ളവർക്ക് ദൈവദൂഷണമായി ഭവിച്ചത്. നാം കുറ്റം വിധിക്കുന്നവൻ വ്യാജനാണോ , അതോ നമ്മുടെ മുൻവിധികളും തീർപ്പുകൽപ്പിക്കലുകളും മൂലം അവന്റെ വാക്കുകളും പ്രവൃത്തികളും നമുക്ക് വ്യാജമായി തോന്നുന്നതാണോ എന്ന ആത്മപരിശോധന നടത്താൻ എന്നും തയ്യാറായാൽ, നിരപരാധിയെ വ്യാജനായി കുറ്റം വിധിക്കുന്ന അവസ്ഥ വളരെ കുറച്ച് മാത്രമേ സംജാതമാകൂ. വ്യക്തിബന്ധങ്ങളും സാമൂഹികബന്ധങ്ങളും തകരുന്നതിന്റെ ഒരു മൂലകാരണം മുൻവിധികളോടെയുള്ള കുറ്റാരോപണങ്ങളാണ്. അപരനിലെ നന്മ – അവന്റെ ദൈവപുത്രത്വം – കാണാൻ എന്ന് നാം കണ്ണ് തുറക്കുന്നുവോ, അന്ന് നാം നമ്മുടെ കൈയിലെ ചാട്ടവാറും ആണിയും ചുറ്റികയും നിലത്തിടും.

രണ്ട് , സാമൂഹികവ്യവസ്ഥിതികൾക്കും സമ്പ്രദായങ്ങൾക്കും അപ്പുറമായി മനുഷ്യവ്യക്തിയെ പ്രതിഷ്ഠിക്കുക, അവനിലെ മനുഷ്യപുത്രത്വം കാണുക. പാരമ്പര്യങ്ങളുടെ വീക്ഷണത്തിൽ നിന്നുകൊണ്ട് മാത്രം യേശുവിനെ നോക്കിയതുകൊണ്ടാണ് യഹൂദപ്രമാണികൾക്ക് പിഴയ്ക്കുന്നത്. ഗവർണറെന്ന തന്റെ ജോലിയുടെ പരിതസ്ഥിതിക്ക് അപ്പുറമായി നീതിയെ പ്രതിഷ്ഠിക്കാൻ കഴിയാത്തതുകൊണ്ടാണ് ധീരമായ ഒരു തീരുമാനം എടുക്കാൻ പീലാത്തോസിന് സാധിക്കാതെ വന്നത്. വർണ്ണത്തിന്റെയും മതത്തിന്റെയും ജാതിയുടെയും വംശത്തിന്റെയും ജോലിയുടെയും ദേശത്തിന്റെയും പേരിൽ അനീതിയും അക്രമവും നടത്താൻ മനുഷ്യർ തയ്യാറാവുന്നത് മനുഷ്യവ്യക്തിയുടെ വില മറ്റുപലതിനും കീഴിലായി താഴ്ത്തിക്കെട്ടുന്നതുകൊണ്ടാണ്. മനുഷ്യന്റെ വില നാം എത്രമാത്രം ഇടിച്ചുതാഴ്ത്തുന്നുവോ, അത്രമാത്രം നാം നീതിയിൽ നിന്ന് അകലെയായിരിക്കും.

മൂന്ന് , വേദനകൾ കാണാൻ കണ്ണ് തുറക്കുക. യേശുവിന്റെ പീഡാസഹനം നമ്മുടെ മുൻപിൽ നടക്കുന്നത് സങ്കൽപ്പിക്കുക. എന്നിട്ട് , യേശുവിന്റെ സ്ഥാനത്ത് , നാം ഏറ്റവുമധികം അപരാധിയാണെന്ന് ഉറപ്പിക്കുന്ന ഒരു മനുഷ്യനെ സങ്കൽപ്പിക്കുക. അവൻ അനുഭവിക്കുന്ന വേദനകൾ നമുക്ക് സന്തോഷം പകരുന്നുണ്ടോ? ഈശോയുടെ സ്ഥാനത്ത് ബറാബാസ് ആയിരുന്നെങ്കിൽ, ആ ചമ്മട്ടിയടികളും വിലാപയാത്രയും അംഗീകരിക്കാവുന്നതാണെന്ന് നാം കരുതുന്നുണ്ടോ? അവന്റെ കണ്ണിൽ നിന്ന് വീഴുന്ന കണ്ണീർ, അവന്റെ ദേഹത്ത് പൊടിയുന്ന ചോര, അവന്റെ മനസ്സിന്റെ വേദന – ഇവയൊക്കെ നമുക്ക് ഒരു ആഹ്ലാദമാണെങ്കിൽ, തിരുത്തലിന് സമയമായി എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ വിധിനിശ്ചയം ശരിയോ തെറ്റോ ആകട്ടെ. പക്ഷെ, വേദനകൾ കാണാനുള്ള മനസ്സുണ്ടെങ്കിൽ, നീതിയെന്ന് നാം വിശ്വസിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് ഒരു പീഡനമാകാതെ കൈകാര്യം ചെയ്യാൻ നമുക്ക് കഴിയും. നീതിയെന്നത് പ്രതികാരമല്ല, സാഡിസവുമല്ല.

നാല് , അധികാരത്തോടുള്ള ത്വര കൈവിടുക. ഉയർച്ചയും ഉന്നതിയും കാംക്ഷിക്കുന്നത് മനുഷ്യസഹജമാണ്. പക്ഷെ, ഉയർച്ച എന്നത് മനുഷ്യന്റെ സാമൂഹികവ്യവസ്ഥയിൽ അധികാരത്തിന്റെയും സ്വാധീനത്തിന്റെയും വളർച്ച കൂടിയാണ്. അപ്പോൾ, അധികാരത്വരയെ അഭിവൃദ്ധിയുമായി കൂട്ടിക്കെട്ടാനുള്ള പ്രവണത സ്വാഭാവികമാണ്. പക്ഷെ, അഭിവൃദ്ധിയുടെ അന്ത:സത്ത കൂടുതൽ നന്മ – വ്യക്തിയുടെയും സമൂഹത്തിന്റെയും – ആയിരിക്കണം എന്ന ബോധ്യം ഉണ്ടാവുക പരമപ്രധാനമാണ്. നമ്മുടെ നീതിന്യായത്തിന്റെ വിധിനിശ്ചയങ്ങളിൽ അധികാരത്തിന്റെയും സ്വാധീനത്തിന്റെയും ഭ്രമിപ്പിക്കുന്ന മത്ത് കടന്നുകയറാതെ സൂക്ഷിച്ചാൽ, നമ്മുടെ വിധിവാക്യങ്ങൾ നീതിപൂർവ്വകമാകാനുള്ള സാധ്യതയും വളരും. മറ്റുള്ളവരുടെ നന്മ മുൻനിറുത്തി അവരെ സേവിക്കുന്നതിൽ നിന്നു ലഭിക്കുന്ന അഭിവൃദ്ധി കൊണ്ട് നമുക്ക് തൃപ്തിപ്പെടാൻ കഴിയണം. അതിനപ്പുറം നമ്മെ പ്രലോഭിപ്പിക്കുന്ന അധികാരത്തെയും സ്വാധീനത്തെയും തൃണവൽക്കരിക്കുക. ദുഃഖവെള്ളിയിലെ പ്രമാണികളും പീലാത്തോസും നമ്മോട് പറയുന്ന പാഠം ഇതാണ്.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com